(സി) ഏതെല്ലാം നികുതികളാണ് ഡീസൽ, പെട്രോൾ എന്നിവയ്ക്ക് സംസ്ഥാനം ചുമത്തിയിട്ടുള്ളതെന്നും അത് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഡീസൽ, പെട്രോൾ ഇവയിൻമേലുള്ള നികുതിയിനത്തിൽ ശരാശരി എന്തു തുകയാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വിൽപ്പന നികുതിയുള്ളത് കേരളത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഏറ്റവും ഒടുവിലത്തെ വിലവർദ്ധനമൂലം എന്തു തുകയാണ് സംസ്ഥാനത്തിന് അധികം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ജി) വിൽപ്പന നികുതി നിരക്കിൽ കുറവു വരുത്തി ഡീസൽ, പെട്രോൾ ഇവയുടെ വില കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ലിറ്റർ ഡീസലിന് 26.96 രൂപയും ഒരു ലിറ്റർ പെട്രോളിന് 35.75 രൂപയുമാണ് അടിസ്ഥാന വില.

(ബി) ഇപ്പോൾ ഡീസൽ ലിറ്ററിന് 33.51 രൂപയ്ക്കും പെട്രോൾ ലിറ്ററിന് 45.91 രൂപയ്ക്കുമാണ് കൊച്ചിയിൽ വിൽക്കുന്നത്.

(സി) കേരള പൊതുവിൽപ്പന നികുതി നിയമം 1963 പ്രകാരം ഡീസലിന് 22.42 ശതമാനവും പെട്രോളിന് 26.04 ശതമാനവും നികുതി ചുമത്തുന്നു. വിൽപ്പന നികുതി നിയമപ്രകാരം മറ്റു നികുതികളൊന്നും ചുമത്തുന്നില്ല.

(ഡി) പെട്രോളിന് പ്രതിമാസം 48.39 കോടിയും ഡീസലിന് 75.02 കോടിയും നികുതിയിനത്തിൽ ശരാശരി ലഭിക്കുന്നു.

(ഇ) ഇല്ല.

(എഫ്) ഏറ്റവും ഒടുവിലായി പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചത് 7-9-2005-ലാണ്. പക്ഷെ ഉപഭോക്താക്കൾക്കുണ്ടാകുന്ന അമിതഭാരം ലഘൂകരിക്കുന്നതിന് സർക്കാർ എസ്. ആർ. ഒ. 883/05 തീയതി 8-9-2005 പ്രകാരം ഡീസൽ, പെട്രോൾ എന്നിവയുടെ നികുതി 24 ശതമാനം, 28 ശതമാനത്തിൽ നിന്നും യഥാക്രമം 22.42 ശതമാനം, 26.04 ശതമാനമായി കുറച്ചതുകൊണ്ട് സംസ്ഥാനത്തിന് അധിക വരുമാനം ലഭിച്ചിട്ടില്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

നൂറനാട് വൺമാൻ ട്രഷറി, സബ്ട്രഷറി ആക്കുന്നതിന് നടപടി

29 [486] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി, സബ്ട്രഷറി ആക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സബ്ട്രഷറികൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) നൂറനാട് വൺമാൻ ട്രഷറി, സബ്ട്രഷറി ആക്കുന്നതിനുള്ള തടസ്സം കാരണങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് നൂറനാട് സബ്ട്രഷറി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൂറനാട് സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള തീരുമാനം 2006-07 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5 സബ് ട്രഷറികൾ പുതുതായി പ്രവർത്തനം ആരംഭിച്ചു.— ആലക്കോട്, വണ്ടൂർ, മണലൂർ, മാന്നാർ, കടയ്ക്കാവൂർ.

(സി) (എ)യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ദീപിക പത്രത്തിന്റെ ന്യൂസ്വേ സാമ്പത്തിക ഇടപാട്

30 [487] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീപിക പത്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ന്യൂസ്വേ എന്ന സാമ്പത്തിക ഇടപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് സംബന്ധിച്ച എന്തെങ്കിലും പരാതികൾ ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ന്യൂസ്വേ പദ്ധതിയിലെ പ്രധാന ഓഫറുകൾ എന്തെല്ലാം ആയിരുന്നു;

(സി) ഈ ഇടപാടിൽ നിരവധി പേർ കബളിക്കപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പരാതികൾ ഒന്നുംതന്നെ ധനവകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly